പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3493 11-12-2018-ലെ മറുപടിയ്ക്ക്

## പ്രളയത്തെ തുടർന്ന് കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ മണ്ഡലത്തിലുണ്ടായ കൃഷിനാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കർഷകർക്ക് എന്തെല്ലാം തരത്തിലുള്ള കാർഷിക നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്; നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കാർഷിക വിളയ്ക്കും ഉണ്ടായിട്ടുള്ള ഉല്പാദനക്കുറവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിലെ 1270 കർഷകർക്ക് താഴെപ്പറയുന്ന വിളകൾക്ക് കൃഷി നാശം സംഭവിച്ചിട്ടുണ്ട്. കമുക് കായ്ഫലമുള്ളത്, കമുക് കായ്ഫലമില്ലാത്തത്, തെങ്ങ് കായ്ഫലമുള്ളത്, തെങ്ങ് കായ്ഫലമില്ലാത്തത്, റബ്ബർ കറയെടുക്കുന്നത്, റബ്ബർ കറയെടുക്കാത്തത്, കുരുമുളക്, വാഴ കുലച്ചത്, വാഴ കുലയ്ക്കാത്തത്, മരച്ചീനി, പച്ചക്കറികൾ, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, നെല്ല്, ജാതി കായ്ഫലമുള്ളത്, ജാതി കായ്ഫലമില്ലാത്തത് എന്നിവ. ഏകദേശം 50-100 ശതമാനം വരെ ഉൽപ്പാദനക്കുറവ് സംഭവിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുണ്ടായ നാശനഷ്ടങ്ങളെ തുടർന്ന് ഈ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്; എത്രപേർക്ക്, എത്ര തുക വീതം, ആകെ എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്ര കർഷകർക്ക് എന്തെല്ലാം സഹായം നൽകാൻ അവശേഷിക്കുന്നുണ്ടെന്നത് വിശദമാക്കുമോ; | (ബി) | പ്രളയത്തിൽ കൃഷി നാശം സംഭവിച്ച 1270 കർഷകരിൽ 830 കർഷകർക്ക് 1,32,29,393/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 440 കർഷകർക്ക് 97,30,989/- രൂപ ആനുകൂല്യം നൽകുവാനുണ്ട്. ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മണ്ഡലത്തിലെ കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടായ എല്ലാ കർഷകർക്കും അർഹതപ്പെട്ട എല്ലാ സഹായവും നൽകുന്നതിനും വീണ്ടും കൃഷിയിറക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**